"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതി പ്രകാരം അംഗീകരിച്ച വീടുകളുടെ ജിയോടാഗിംഗ് ഫീസിനുള്ള അധിക തുക (ഒരു ഘട്ടം ജിയോടാഗിംഗിന് 10 രൂപ) നഗരസഭയുടെ തനതുഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.109/2025/LSGD തീയതി,തിരുവനന്തപുരം, 10-01-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.2508/2023/ത.സ്വ.ഭ.വ. തീയതി 16.12.2023
2. കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 10.01.2024 ലെ കെ.യു.ആർ.ഡി.എഫ്.സി/എൽഎം/21517/ 2023 നമ്പർ കത്ത്.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.03.2024 ലെ 301/N/2021/KSHO നമ്പർ കത്ത്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2024 ലെ LSGD/PD/16182/2024-CSSA1 നമ്പർ കത്ത്.

ഉത്തരവ്

പി.എം.എ.വൈ.(നഗരം)ലൈഫ് പദ്ധതി പ്രകാരം അംഗീകരിച്ച വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്ന ജിയോ ടാഗിംഗിനുള്ള ഫീസ് ഒരു ഘട്ടത്തിന് 40 രൂപയിൽ നിന്ന് 50 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും, അധികമായി ആവശ്യമുള്ള തുക പി.എം.എ.വൈ. (നഗരം) പദ്ധതിയുടെ നഗരസഭാ വിഹിതത്തിൽ 2018-19 സാമ്പത്തിക വർഷം കെ.യു.ആർ.ഡി.എഫ്.സി. നഗരസഭകൾക്കായി എടുത്ത 1000 കോടി രൂപ ഹഡ്കോ വായ്പയുടെ (സ്കീം നമ്പർ 21262) പലിശയിൽ നിന്നും കണ്ടെ ത്തുന്നതിനും അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സ്കീം നമ്പർ 21262 ൽ ലഭ്യമായ പലിശ തുക പൂർണമായും ഹഡ്കോ വായ്പയുടെ പലിശ തിരിച്ചടവിന് വിനിയോഗിച്ചിട്ടുള്ളതിനാൽ ജിയോ ടാഗിംഗിനുള്ള അധിക തുക ഈ അക്കൗണ്ടിൽ ഇപ്പോൾ ലഭ്യമല്ല എന്നും കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിക്കുകയും, അധികമായി നൽകാൻ തീരുമാനിച്ച തുക (ഒരു ഘട്ടം

ജിയോ ടാഗിംഗിനു 10 രൂപ) നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകണമെന്ന്, 07-02-2024 ൽ കൂടിയ 24-ാമത് SLAC യോഗത്തിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ജിയോടാഗിംഗിനായി ചെലവ് വരുന്ന അധിക തുക നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണെന്ന് ജില്ലാ ജോയിന്റ് ഡയറക്ടർമാർ റിപ്പോർട്ട് നൽകിയിട്ടുള്ള സാഹചര്യത്തിൽ, ജിയോടാഗിംഗ് നടത്തുന്ന സർവേയർക്ക് ഒരു പാർപ്പിട യൂണിറ്റിന് ഒരു ഘട്ടത്തിന് അധികമായി അനുവദിക്കുന്ന തുക (10 രൂപ വീതം ) നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 4 പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതി പ്രകാരം അംഗീകരിച്ച വീടുകളുടെ ജിയോടാഗിംഗ് ഫീസിനുള്ള അധിക തുക (ഒരു ഘട്ടം ജിയോടാഗിംഗിന് 10 രൂപ) നഗരസഭയുടെ തനതുഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 13-01-2025 09:18:13
സെക്ഷൻ ഓഫീസർ